YEARS OF CELEBRATING THE MAHATMA

നമ്പർ.സി1/7945/2016/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 15.10.2019**

## സർക്കുലർ നം.9/2019

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** — കാലാവധി തീർന്ന ലൈസൻസ് പുതുക്കി നൽകുന്നത് — സംബന്ധിച്ച്.

പരാമർശം :- കേന്ദ്ര മോട്ടോർ വാഹന ചട്ട ഭേദഗതി 2019.

പുതിയ മോട്ടോർ വാഹന നിയമ ഭേദഗതി (2019) പ്രകാരം ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 18.04.2016 തീയതിയിലെ 17/2016 -)0 നമ്പർ സർക്കുലർ അസാധുവാക്കികൊണ്ട് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഡ്രൈവിംഗ് ലൈസൻസ് കാലാവധി കഴിഞ്ഞതിനു ശേഷം ഒരു വർഷത്തിനുള്ളിൽ പുതുക്കുന്നതിനു ഫീസിനോടൊപ്പം ഫൈൻ കൂടി ആവശ്യമാണോ എന്നതിന് സ്പഷ്ടീകരണം ആവശ്യമായി വന്നതിനാൽ സർക്കാരിനോട് ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്തുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത സ്പഷ്ടീകരണം സർക്കാരിൽനിന്നു ലഭിക്കുന്നതുവരെ, കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ഫീസിനോടൊപ്പം ഫൈൻ കൂടി തൽക്കാലത്തേക്ക് സ്വീകരിക്കേണ്ടതില്ല എന്ന് നിർദ്ദേശം നൽകുന്നു.
2. കാലാവധി കഴിയുന്ന ദിവസം മുതൽ ഒരു വർഷം കഴിഞ്ഞും അഞ്ചു വർഷം കഴിയാത്തതുമായ ലൈസൻസുകൾ പുതുക്കുന്നതിനായി മോട്ടോർ വാഹന നിയമം സെക്ഷൻ 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര മോട്ടോർ വാഹന ചട്ടം 18 പ്രകാരം ആവശ്യമായ അപേക്ഷ ഫോറം, സർട്ടിഫിക്കറ്റുകൾ, ഏറ്റവും പുതിയതും 6 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തതുമായ ഫോട്ടോ, കാലാവധി തീർന്ന ലൈസൻസ്, ചട്ടം 32

പ്രകാരമുള്ള ഫീസ്, മറ്റു പിഴയിനത്തിലുള്ള ഫീസ് എന്നിവ സഹിതം ലൈസൻസിംഗ്/ അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. ഇതോടൊപ്പം കേന്ദ്ര മോട്ടോർ വാഹന ചട്ടം 14 –ൽ നിർദ്ദേശിച്ചിട്ടുള്ള അപേക്ഷയും ഫീസും മറ്റു രേഖകളും കൂടി ഹാജരാക്കേണ്ടതാണ്. അതായത് അപേക്ഷകൻ ലേണേഴ്സ് ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതും, ലേണേഴ്സ് ലൈസൻസ് ലഭ്യമാക്കേണ്ടതുമാണ്. ആയതിനായി അപേക്ഷകനെ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന് വിധേയമാക്കേണ്ടതില്ല. മാത്രമല്ല, ലേണേഴ്സ് ലൈസൻസ് ലഭിച്ച് 30 ദിവസം കഴിഞ്ഞേ പ്രായോഗികക്ഷമതാ പരിശോധനയ്ക്ക് ഹാജരാകാവൂ എന്ന നിബന്ധനയും ഒഴിവാക്കേണ്ടതാണ്. അപേക്ഷ ലഭിച്ചാലുടൻ രേഖകൾ പരിശോധിച്ച് എൻഡോഴ്സ്മെന്റ് ലേണേഴ്സ് ലൈസൻസ് നൽകേണ്ടതാണ്. ഇത്തരം അപേക്ഷകർക്കു വേണ്ടി ആഴ്ചയിൽ ഒരു ദിവസം ഡ്രൈവിംഗ് ടെസ്റ്റിനായി നിജപ്പെടുത്തേണ്ടതാണ്. ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെട്ട ടീം ഇതിനായി പ്രത്യേക രജിസ്റ്ററിൽ അപേക്ഷകരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ഇവരെ പാർട്ട് 2 റോഡ് ടെസ്റ്റ് നടത്തി വിജയികൾക്ക് ഡ്രൈവിംഗ് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. ഇത്തരം ടെസ്റ്റുകൾക്ക് അപേക്ഷകൻ കൊണ്ടുവരുന്ന അനുയോജ്യമായ വാഹനങ്ങൾ അനുവദിക്കാവുന്നതാണ്.

4. കാലാവധിക്കു ശേഷം അഞ്ചു വർഷം കഴിഞ്ഞ ലൈസൻസുകൾ പുതുക്കുന്നതിനായി മോട്ടോർ വാഹന നിയമം സെക്ഷൻ 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര മോട്ടോർ വാഹന ചട്ടം 18 പ്രകാരം ആവശ്യമായ അപേക്ഷ ഫോറം, സർട്ടിഫിക്കറ്റുകൾ, ഏറ്റവും പുതിയതും 6 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തതുമായ ഫോട്ടോ, കാലാവധി തീർന്ന ലൈസൻസ്, ചട്ടം 32 പ്രകാരമുള്ള ഫീസ്, മറ്റു പിഴയിനത്തിലുള്ള ഫീസ് എന്നിവ സഹിതം ലൈസൻസിംഗ്/അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. ഇതോടൊപ്പം കേന്ദ്ര മോട്ടോർ വാഹന ചട്ടം 14 –ൽ നിർദ്ദേശിച്ചിട്ടുള്ള അപേക്ഷയും ഫീസും മറ്റു രേഖകളും കൂടി ഹാജരാക്കേണ്ടതാണ്. അതായത്, അപേക്ഷകൻ ലേണേഴ്സ് ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതും, ലേണേഴ്സ് ലൈസൻസ് ലഭ്യമാക്കേണ്ടതുമാണ്. ആയതിനായി അപേക്ഷകനെ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന് വിധേയമാക്കേണ്ടതില്ല. മാത്രമല്ല, ലേണേഴ്സ് ലൈസൻസ് ലഭിച്ച് 30 ദിവസം കഴിഞ്ഞേ പ്രായോഗികക്ഷമതാ പരിശോധനയ്ക്ക് ഹാജരാകാവൂ എന്ന നിബന്ധനയും ഒഴിവാക്കേണ്ടതാണ്. അപേക്ഷ ലഭിച്ചാലുടൻ രേഖകൾ പരിശോധിച്ച് എൻഡോഴ്സ്മെന്റ് ലേണേഴ്സ് ലൈസൻസ്

നൽകേണ്ടതാണ്. ലേണേഴ്സ് ലൈസൻസിൽ പ്രായോഗികക്ഷമതാ ടെസ്റ്റിന്റെ സ്ഥലം, സമയം തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ഇത്തരം അപേക്ഷകരെ ചട്ടം 15 –ൽ നിർദ്ദേശിച്ച പ്രകാരം പാർട്ട് 1, പാർട്ട് 2 ടെസ്റ്റുകൾ നടത്തിയതിനുശേഷം വിജയികൾക്ക് ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കി നൽകാവുന്നതാണ്.

6. ഒരു ഡ്രൈവിംഗ് ലൈസൻസിനു രണ്ട് കാലാവധി (ട്രാൻസ്പോർട്ട് & നോൺ ട്രാൻസ്പോർട്ട് ) ഉണ്ടായിരിക്കുകയും അതിൽ ഒരെണ്ണം കാലാവധി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടുണ്ട് എന്നാൽ മറ്റുള്ളതിന് കാലാവധി കഴിയാതിരിക്കുകയോ അല്ലെങ്കിൽ കാലാവധി കഴിഞ്ഞ് ഒരു വർഷം തികയാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ അത്തരം ലൈസൻസുകൾ ടെസ്റ്റ് കൂടാതെ തന്നെ പുതുക്കി നൽകാവുന്നതാണ്.
7. GSR 681(E) dated 23.09.2019 അനുസരിച്ച് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ലൈസൻസ് നൽകുന്നതിനോ, പുതുക്കുന്നതിനോ പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കേണ്ടതില്ല.
8. ഡ്രൈവിംഗ് ലൈസൻസ് കാലാവധിക്കു ശേഷം പുതുക്കാതെ വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് കുറ്റകരവും ചെക്ക് റിപ്പോർട്ട് തയ്യാറാക്കി കേസെടുക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതാണ്.

(ഒപ്പ്/-)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ്:- നോഡൽ ഓഫീസർ എസ്.എസ്.ജി. – ആവശ്യമായ സോഫ്റ്റ് വെയർ മോഡിഫിക്കേഷനായി.

അംഗീകാരത്തോടെ,

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

15/1 ഐ..എൽ.

8-1-19.